# പത്രക്കുറിപ്പ്

ഡിസൈൻ രംഗത്ത് നൂതന സാദ്ധ്യതകൾ തേടിക്കൊണ്ടിരിക്കുന്ന **കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കൊല്ലം,** വിവിധ മേഖലകളിൽ അഭിരുചിയും വൈദഗ്ദ്ധ്യവുമുള്ള വ്യക്തികളെ, ഡിസൈൻ മേഖലകളിൽ പ്രവർത്തനത്തിന് സഹകരിക്കാനായി ക്ഷണിക്കുന്നു.

കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഇന്ന് കേരള സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾക്കു വേണ്ടി ഡിസൈൻ സഹായവും നിർദ്ദേശവും നൽകിവരുന്നു. സർക്കാർ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള അപ്രകാരം പദ്ധതികളും പ്രവർത്തനങ്ങളുമായി സഹകരിക്കാൻ താത്പര്യപ്പെടുന്നവരുടെ വിവരം ശേഖരിക്കാൻ ആഗ്രഹിക്കുന്നു.

വിവരവിനിമയ രംഗത്തും ഉത്പന്ന രൂപകല്പനാ രംഗത്തും പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരുടെ വിശദ വിവരമാണ് ശേഖരിക്കുന്നത്.. കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി സഹകരിക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ വിശദമായ ബയോഡാറ്റ സഹിതം നേടിയിട്ടുള്ള പരിശീലനം, തൊഴിൽ മേഖലയിലെ വൈദഗ്ദ്ധ്യം, വിദ്യാഭ്യാസം, അഭിരുചി എന്നിവ വ്യക്തമാക്കി വിശദമായ അപേക്ഷ നൽകേണ്ടതാണ്.

ഗ്രാഫിക് ഡിസൈൻ, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്, എഡിറ്റിംഗ്, റിസർച്ച്, വെബ് ഡിസൈൻ, തിരക്കഥാരചന, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, വിവരശേഖരണം, ഗവേഷണം,സ്പേസ്ഡിസൈൻ, പാക്കേജ്ഡിസൈൻ, ബ്രാൻഡിംഗ്, പരസ്യനിർമ്മാണം, ഡിസൈൻ സോഫ്റ്റ് വെയർ വൈദഗ്ദ്ധ്യം തുടങ്ങിയ ഡിസൈൻ മേഖലകളിൽ പ്രാവീണ്യമുള്ളവരും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംരംഭങ്ങളിൽ സഹകരിക്കാൻ താത്പര്യമുള്ളവരെയുമാണ് സ്ഥാപനം തേടുന്നത്.

വിശദമായ വിവരങ്ങൾക്ക് കെ.എസ്സ്.ഐ.ഡി.യുടെ വെബ്സൈറ്റ് സന്ദർശിക്കുക: www.ksid.ac.in

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:

**എക്സിക്യൂട്ടിവ് ഡയറക്ടർ,**

**കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ,**

**ചന്ദനത്തോപ്പ്, കൊല്ലം–691014.**

**വിശദവിവരങ്ങൾക്ക് :0474–2710393, 2719193,**